ശ്രീ. കെ. കരുണാകരൻ: സർ, ക്ലറിക്കൽ മിസ്റ്റേക്കും മറ്റും വരുകയാണെങ്കിൽ അത് ഞങ്ങൾക്കുംകൂടി നോക്കാനുള്ള അവസരം കിട്ടണം. അതുകൊണ്ട് നാളെ തുടരാം.

[11 a.m.]

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചർച്ചക്കെടുത്തു കഴിഞ്ഞല്ലോ ?

ഡെപ്യൂട്ടി സ്പീക്കർ: റൂൾ ഇതാണ്:

(2) Where a bill has undergone amendments, any member may object to any motion being made, on the same day, that the Bill be passed, and such objections shall prevail, unless the Speaker in his discretion allows the motion to be made.

ആരെങ്കിലും എതിർത്താൽ പിന്നെ ചർച്ചയ്ക്കെടുക്കാൻ പാടില്ലെന്നാണ് പറയുന്നത്.

ശ്രീ. കെ. ടി. ജോർജ്: സർ, ഭേദഗതികൾ അവതരിപ്പിക്കാനും എല്ലാം കൂടി ഒന്നു വായിച്ചുനോക്കാനുമുള്ള അവസരം കിട്ടണം. പാസ്സാക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അതുകൊണ്ട് നമുക്ക് നാളെ ഇതു പാസ്സാക്കാം.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയാണെങ്കിൽ നാളെ പാസ്സാക്കാം.

ശ്രീമതി കെ. ആർ. ഗൗരി: പ്രസംഗിക്കുന്നവർ പ്രസംഗിച്ചുകൊള്ളട്ടെ.

ശ്രീ. കെ. കരുണാകരൻ: പ്രസംഗിക്കുമ്പോൾ വെറുതേ അങ്ങു പ്രസംഗിക്കുകയല്ല. പിശകുകൾ ചൂണ്ടിക്കാണിക്കാനുള്ള ചുമതല ഈ സഭയിലെ അംഗങ്ങൾക്കുമില്ലേ; മന്ത്രിക്കു മാത്രമല്ലല്ലോ. അതുകൊണ്ട് അതിനുള്ള സാവകാശം കിട്ടണം.

Deputy Speaker: We will proceed with this Bill tomorrow. The Hon. Revenue Minister may now move that the Kerala Agriculturist Debt Relief Bill be taken into consideration.

(ii) THE KERALA AGRICULTURISTS DEBT RELIEF BILL, 1968

Revenue Minister **(Smt. K. R. Gouri)**: I move that the Kerala Agriculturists Debt Relief Bill, 1968, as reported by the Select Committee be taken into consideration.

എല്ലാവരും യോജിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടാണിത്. നാലു പ്രാവശ്യം സെലക്ട് കമ്മിറ്റി കൂടി.

ശ്രീ. കെ. കരുണാകരൻ: അതൊക്കെ റിപ്പോർട്ടിലുണ്ടല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ഈ ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതിന്റെ ചർച്ചയ്ക്കു തയ്യാറാണെന്നു തോന്നുന്നില്ല. യുനാനിമസ്സായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള റിപ്പോർട്ടാണെങ്കിലും ഇതിൽ ചില പ്രധാനപ്പെട്ട ഭേദഗതികളും വരുത്തിയിട്ടുണ്ട്. ഉദാഹരണമായി ക്ലോസ് 4-ൽ തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യം 20,000 രൂപാവരെ കടമുള്ളവർക്ക് എന്നുള്ളതു 30,000 വരെ എന്നൊക്കെ മാറ്റിയിട്ടുണ്ട്. അതുകൊണ്ട് ഇതൊന്നു വായിച്ചു നോക്കാനുള്ള അവസരം കിട്ടണം.

ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ല് കുറെ ദിവസമായി ലിസ്റ്റിൽ ഉൾപ്പെടുത്തിയതാണ്. ലാൻറ് റിഫാംസ് ബില്ല് ഇന്ന് തീരുമെന്നും എല്ലാവർക്കും അറിയാമായിരുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അങ്ങനെ പറയുന്നതു ശരിയല്ല. ലാൻറ് റിഫാംസ് ബില്ല് ഇന്നു തീരുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. കാരണം ബഹുമാനപ്പെട്ട മന്ത്രിയുടെ 356-ാം നമ്പർ ഭേദഗതിയുണ്ടായിരുന്നു, ശ്രീ. ചന്ദ്രശേഖരൻ നായരുടെ മറെറാരു ഭേദഗതിയുണ്ടായിരുന്നു. അതിൻെറ ചർച്ച ഇന്നുകൊണ്ട് അവസാനിക്കുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ഇത് യോജിച്ചുള്ള റിപ്പോർട്ടാണെങ്കിലും പല മാറ്റങ്ങളും ഇനിയും വരുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് വിശദമായി ഒന്നു നോക്കാനുള്ള അവസരം കിട്ടേണ്ടതാണ്. ധിറുതിയായിട്ട് പാസ്സാക്കേണ്ട കാര്യമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഓരോ മെമ്പറുടെ കടങ്ങളെക്കുറിച്ച് നോക്കുന്നതിനു.....

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അങ്ങനെ പറയുന്നതു ശരിയല്ല. ഈ നിയമസഭയിലെ മെമ്പറൻമാരുടെ കടബാദ്ധ്യതകളും നോക്കുകയല്ല പ്രശ്നം. അത്ര ലാഘവബുദ്ധിയോടുകൂടി ഇതിനെ സമീപിക്കരുത്. അതുകൊണ്ട് ബിൽ ഒന്നു നോക്കാനുള്ള അവസരം കിട്ടണം.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഇത് ഇന്ന് ചർച്ചയ്ക്ക് വരുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ഈ ബില്ലിൽ ഇനിയും പല ഭേദഗതികളും വരുത്തേണ്ടതായിട്ടുണ്ട്. ഭേദഗതികൾക്ക് ആരും നോട്ടീസു കൊടുത്തിട്ടുമില്ല. അതുകൊണ്ട് ഭേദഗതികൾ കൊടുക്കാനുള്ള അവസരം കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരി: ഈ റിപ്പോർട്ടു വന്നിട്ട് എത്രയോ ദിവസമായി. വീട്ടിൽ കിടന്ന് ഉറങ്ങിയിട്ട് ഇതൊന്നും അറിഞ്ഞില്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, അതിൽ ദുസ്സൂചനയുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ദുസ്സൂചനയുണ്ടെങ്കിൽ ഞാൻ പിൻവലിച്ചേക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഭേദഗതികൾ അവതരിപ്പിക്കാനുള്ള സമയം കിട്ടണം. അതുകൊണ്ട് നാളെ എടുത്താൽ മതി.

ശ്രീമതി കെ. ആർ. ഗൗരി: 1969 ആഗസ്റ്റ് 16-ാം തീയതി ഇത് അവതരിപ്പിച്ചതാണ്. ഞാൻ വേണമെങ്കിൽ ഇതു നോക്കി ഇപ്പോഴത്തന്നെ പറഞ്ഞുതരാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ചീഫ് വിപ്പ് അറിയണ്ടേ ?

ശ്രീമതി കെ. ആർ. ഗൗരി: അറിയണ്ട.

ശ്രീ. ഇ. അഹമ്മദ്: സഭാനേതാവിനെ ബഹുമാനിക്കണം. എങ്കിലും ചീഫ്വിപ്പ് പറയുന്നത്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: വിപ്പ് കൂടിയാലോചിക്കാതെ അങ്ങനെ പറഞ്ഞുകൂടാ. കൂടിയാലോചിക്കാതെ പറഞ്ഞാൽ ഇങ്ങനെ പറയേണ്ടി വരും.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഇന്നുതന്നെ ഇതു ചർച്ചയ്ക്കെടുക്കണം.

ശ്രീ. കെ. കരുണാകരൻ: ഇതു പാസ്സാക്കണം, ഏറ്റവും പെട്ടെന്ന് പാസ്സാക്കണം എന്നുള്ള കാര്യത്തിലൊന്നും ആർക്കും എതിരഭിപ്രായമില്ല. പക്ഷെ ലാൻറ് റിഫാംസ് അമൻറുമെൻറു ബില്ലിൽ ശ്രദ്ധ കേൻദ്രീകരിച്ചിരുന്നവർക്ക് അതിനു മാത്രമേ പറ്റിയിട്ടുള്ളൂ. അതുപോലെതന്നെ ഇപ്പോഴും നാഷണലൈസുചെയ്ത ബാങ്കുകളെയും ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അവയെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെപ്പറ്റിയൊക്കെ നോക്കേണ്ടതുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: നാഷണലൈസേഷനുശേഷമാണ് ഞങ്ങളും ഈ റിപ്പോർട്ടു തയ്യാറാക്കിയത്.

ശ്രീ. കെ. കരുണാകരൻ: ഞാനാണ് പറയുന്നതെങ്കിലും ഇതൊന്നു കേൾക്കണം. നാഷണലൈസേഷനുശേഷമാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ടു വന്നത് എന്നുള്ളതു ശരിതന്നെ. നാഷണലൈസുചെയ്തതിനുശേഷമുള്ള കാര്യങ്ങളും പറയുന്നുണ്ട്. അതിനു മുമ്പുള്ളതിനെ ബാധിക്കുകയില്ല. അപ്പോൾ അതൊന്നു നോക്കാൻ അവസരം തരണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, നമ്മുടെ നാട്ടിലെ ആളുകൾ വളരെയധികം പ്രതീക്ഷയോടുകൂടി തിരുവനന്തപുരത്തേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു അവസരമാണ് ഇത്. യോജിപ്പായി റിപ്പോർട്ടു വന്നതിൽ അവർ സംതൃപ്തരുമാണ്. അതുകൊണ്ട് അവധിവയ്ക്കാതെ രണ്ടു മണിക്കൂറുള്ള ഈ സമയത്തുതന്നെ ഇതു ചർച്ചചെയ്യണമെന്നും അതിന് എല്ലാ മെമ്പറൻമാരും സഹകരിക്കണമെന്നും ആണ് എൻെറ അഭിപ്രായം.

ഡെപ്യൂട്ടി സ്പീക്കർ: ആരെങ്കിലും ഉണ്ടെങ്കിൽ സംസാരിച്ചുകൊള്ളട്ടെ.

ശ്രീ. കെ. ടി. ജോർജ്: സർ, ഭൂപരിഷ്കരണ ഭേദഗതി ബില്ലിൽ ഭേദഗതികൾ വരുത്തിയതുകൊണ്ട് ഇതിലും ഭേദഗതികൾ വേണ്ടിവരുമോ എന്നു നോക്കേണ്ടതായിട്ടുണ്ട്. കാരണം ഇതിൽ ടെനൻെറന്നും കുടികിടപ്പുകാരനെന്നും ഒക്കെ പറയുന്നുണ്ട്. ഈ കടനിവാരണ ബിൽ പരിഗണനയ്ക്ക് എടുത്തതിനുശേഷം ഇതിൻെറ നിർവ്വചനത്തിൽ മാറ്റം വന്നിട്ടുണ്ട്. മോർട്ടുഗേജി ടെനൻറായി മാറിയിട്ടുണ്ട്. അതുകൊണ്ട് ഒന്നു പരിശോധിക്കാൻ അവസരം കിട്ടണം.

ശ്രീ. ജെ. എ. ചാക്കോ: സർ, ലാൻറ് റിഫാംസ് ബില്ലിൽ ചെയ്തതുപോലെ ഗവൺമെൻറു ഭാഗത്തുനിന്നും ചില ഭേദഗതികൾ അവതരിപ്പിച്ചെങ്കിൽ മാത്രമേ ഇത് കാലാനുസൃതമാക്കി പാസ്സാക്കിയെടുക്കാൻ പറ്റുകയുള്ളൂ. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതു നോക്കിയിട്ടില്ലെന്നു പറഞ്ഞു. ഭൂനയബില്ലിന് അനുസൃതമായും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. അതുകൊണ്ട് അതിന് അവസരം കിട്ടണം.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ ചാക്കോയുടെ അഭിപ്രായത്തെ ഞാൻ ബഹുമാനിക്കുന്നു. ഇതിൽ ഭേദഗതികൾ വരുത്തേണ്ടാത്ത നിലയി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് അഗ്രികൾച്ചറിസ്റ്റിന്റെ ഡഫനിഷൻ കൊടുത്തിരിക്കുന്നത്. അതുപോലെതന്നെ ടെനന്റിന്റെയും കുടികിടപ്പുകാരന്റെയും എല്ലാം നിർവ്വചനം വളരെ വിപുലമായിട്ടുള്ളതാണ്. പിന്നെ നിയമസഭാ സാമാജികൻമാർ വായിച്ചിട്ടില്ലെന്നു പറയുകയാണെങ്കിൽ.....

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഞാൻ വായിച്ചിട്ടുണ്ട്. ഞാൻ സംസാരിക്കാം.

ഡെപ്യൂട്ടി സ്പീക്കർ: എങ്കിൽ സംസാരിച്ചുകൊള്ളണം.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, സെലക്ട് കമ്മിറ്റിയുടെ ചർച്ചയ്ക്കുശേഷം ഏകകണ്ഠമായ ഒരു റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർ, കേരളത്തിലുള്ളതായ കൃഷിക്കാർ ഇന്ന് വാസ്തവത്തിൽ ഈ ബില്ലിനെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ 13 മന്ത്രിമാർ ഉണ്ടായിരുന്നിട്ട് സഭയിൽ ഒരാളെങ്കിലും ഇല്ലാതെ വരുന്നത് ശരിയല്ല.

ഡെപ്യൂട്ടി സ്പീക്കർ: റവന്യൂ മന്ത്രി ഇതുവരെയും ഇവിടെ ഉണ്ടായിരുന്നു. എന്റെ അനുവാദത്തോടുകൂടിയാണ് അവർ പോയത്. അവർ രാവിലെ മുതൽ ഇവിടെ ഇരിക്കുകയാണ്. കാപ്പികുടിക്കാൻ പോയതാണ്. ഈ പരിസരത്തുതന്നെയുണ്ട്. അവർ ഇതു കേൾക്കുന്നുണ്ടായിരിക്കണം.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഈ നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ച് ഒരു കൊല്ലം കഴിഞ്ഞിട്ടും പാസ്സാക്കാൻ കഴിയാതിരുന്നത് വാസ്തവത്തിൽ ഈ നിയമസഭയ്ക്ക് ഒട്ടുംതന്നെ യോജിച്ചതല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്തുള്ള ജനങ്ങളും, കടമോരമുള്ള ജനങ്ങളും ഈ നിയമം അടിയന്തിരമായി പാസ്സാക്കണമെന്ന ആഗ്രഹക്കാരാണ്. ഇതിന്റെ ചർച്ച നാളത്തേക്ക് മാറ്റിവയ്ക്കുന്നതിൽ ആർക്കും എതിരഭിപ്രായമില്ല. പക്ഷെ, നാളെത്തന്നെ ഇതു പാസ്സാകുമെന്നുണ്ടെങ്കിൽ തരക്കേടില്ല. ഈ രൂപത്തിൽ പോവുകയാണെങ്കിൽ നാളെ ഇതു പാസ്സാകുമോ ? ഈ മാസംതന്നെ ഇതു പാസ്സാകുമോയെന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ട്. അതുകൊണ്ടാണ് ഈ ബില്ല് ഇന്നുതന്നെ ചർച്ചയ്ക്കെടുക്കണമെന്ന് ഞാൻ പറഞ്ഞത്.

സർ, ഇതിൽ പ്രധാനപ്പെട്ട പല വകുപ്പുകളുമുണ്ടെങ്കിലും മാറ്റത്തക്ക വണ്ണമുള്ള വകുപ്പുകളുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. കടങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. ഏകദേശം 23 വകുപ്പുകളുള്ളതായ ഈ ബില്ലിൽ കൃഷിക്കാരൻ, കടക്കാരനായ കൃഷിക്കാരൻ ഏതു രൂപത്തിലുള്ള കൃഷിക്കാരനാണ് ആനുകൂല്യം കിട്ടേണ്ടതെന്നു രണ്ടാം വകുപ്പിൽ പറഞ്ഞിട്ടുണ്ട്.

"Agriculturist" means a person who has an interest, other than as a simple mortgagee, in any agricultural or horticultural land in the State of Kerala, and includes—

(a) an agricultural labourer;

(b) a kudikidappukaran; and

(c) a tenant;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. പി. രാഘവപ്പൊതുവാൾ]

സർ, മുൻപുണ്ടായിരുന്ന നിയമത്തിനു വിപരീതമായി ഇതിൽ പ്രത്യേകിച്ചു കാണുന്നത് agricultural labourer എന്നാണ്. 1958-ൽ ഉണ്ടായിരുന്ന കാർഷികപ്രണാശ്വാസ ആക്ടിൽ അഗ്രിക്കൾച്ചറൽ ലേബറർ എന്നുള്ള വ്യാഖ്യാനം ഉണ്ടായിരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ന് കൃഷിക്കാരനായ കടക്കാരനെയും കർഷകത്തൊഴിലാളിയായ കടക്കാരനെയും കൂടുതൽ കടം ബാധിച്ചിരിക്കുകയാണ്. ആ രൂപത്തിലുള്ള ആളുകൾക്കു കൂടി കടാശ്വാസ നിയമത്തിന്റെ ആനുകൂല്യം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി സെലക്ട് കമ്മിറ്റി പ്രത്യേകിച്ചും agricultural labourer എന്നുള്ള വാക്കു കൂടി ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുകയാണ്. കുടികിടപ്പുകാർക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും അവരോടു സഹാനുഭൂതി കാണിക്കണമെന്നുമുള്ള അഭിപ്രായക്കാരനാണു ഞാൻ. ഈ രാജ്യത്തുള്ള കുടികിടപ്പുകാർ ഈ രാജ്യത്തുള്ള ജനങ്ങളുടെയും നിയമസഭാ സാമാജികൻമാരുടെയും അത്രയധികം ദയ സമ്പാദിച്ചിരിക്കുകയാണ്. അവരുടെ കടവും കൂടി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന സ്ഥിതിക്ക് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് ഈ ബില്ലിൽ കാണാൻ സാധിക്കും. കടത്തെ സംബന്ധിച്ച് ഇതിൽ പറയുന്നത് "debt" means any liability in cash or kind, whether secured or unsecured, due from or incurred by an agriculturist on or before the commencement of this Act, whether payable under a contract or under a decree or order of any court, or otherwise, but does not include—

(a) any sum payable to—

(i) the Government of Kerala or the Government of India or the Government of any other State or Union territory or any local authority; or etc. etc. എന്നാണ്. 30,000 രൂപാവരെയുള്ള കടം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവേ പറയുകയാണെങ്കിൽ ഈ രാജ്യത്തുള്ള പാവപ്പെട്ട കൃഷിക്കാർക്കുള്ള കടങ്ങളും മുഴുവനും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർ, മലബാർ ഭാഗങ്ങളിൽ വിശ്വാസതീര് എന്നുള്ള ഒരു തീര് ഉണ്ട്. ആ തീരുപ്രകാരം കൃഷിക്കാർ അവർക്ക് പണത്തിന് ആവശ്യം വരുമ്പോൾ സ്വന്തം പുരയിടം അടിയറവയ്ക്കുന്ന ഒരു സമ്പ്രദായമുണ്ട്. അത് കാണമോ പാട്ടമോ അല്ല. വെറും അയ്യായിരം രൂപയ്ക്കു വേണ്ടി ഇരുപതിനായിരവും മുപ്പതിനായിരവും രൂപ വിലവരുന്ന വസ്തുക്കൾ അന്യാധീനപ്പെടുത്തിയിരിക്കുകയാണ്. അവർക്കും രക്ഷ കിട്ടാനുള്ള വകുപ്പ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കേൾക്കുന്ന അവസരത്തിൽ സ്വാഭാവികമായും ഈ രാജ്യത്തുള്ള ജനങ്ങൾ ആഹ്ലാദം പ്രകടിപ്പിക്കുമെന്നുള്ളത് തീർച്ചയാണ്. ഇക്കാര്യം പറയുന്നത് 9-ാമത്തെ ക്ലോസിലാണ്. ക്ലോസ് 9 (2) ൽ പറയുന്നത്:

(3) Notwithstanding anything in the Indian Evidence Act, 1872, or in any other law for the time being in force in the case of any transaction entered into on or after the 14th day of July, 1958, and purporting to be a sale of immovable property or a lease of usufructs, any agriculturist who is a party to the transaction and who under section 4 is entitled to pay his debts in instalments may plead, adduce evidence and prove that the transaction is really in respect of a debt, and thereupon the amount advanced shall be deemed to be the principal, and the income from the

LIBRARY ARCHIVES Kerala Legislative Assembly

property or the value of the usufructs, as the case may be, shall be appropriated towards interest on the principal calculated at the rate specified in section 5 and the balance, if any, towards the principal:

Provided that this sub-section shall not affect the rights of bona fide alienees of the creditor deriving rights before the 25th day of July, 1968 എന്നാണ്. സർ, ഇത് വളരെ അത്യാവശ്യമുള്ള വകുപ്പാണ്. ഒരേക്കറോ രണ്ടേക്കറോ 5 സെന്റോ പത്തു സെന്റോ ഒക്കെയുള്ള ആളുകളും ചിലപ്പോൾ തങ്ങളുടെ കുട്ടിയുടെ വിവാഹത്തിനുവേണ്ടി വസ്തു പണയപ്പെടുത്തിയിട്ടുണ്ടായിരിക്കും. അവർക്കും കൂടി ആശ്വാസം ലഭിക്കത്തക്കനിലയിൽ ഉള്ള ഈ ബിൽ ഐകൃമുന്നണി ഗവൺമെന്റ് കൊണ്ടുവന്നത് സ്വാഗതാർഹമാണ്, ഞാൻ അതിൽ സന്തോഷിക്കുന്നു. മാത്രമല്ല, ഇന്നത്തെ രാഷ്ട്രീയ സംഭവവികാസത്തിൽ ഈ ബില്ലിന് എന്തു സംഭവിക്കുമെന്നു തന്നെ ജനങ്ങൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. മന്ത്രിസഭ പോകുന്നതിനെ സംബന്ധിച്ചോ അല്ലെങ്കിൽ മറ്റുള്ള കാര്യങ്ങളെ സംബന്ധിച്ചോ ഉള്ള പ്രശ്നമല്ല.....

ഡെപ്യൂട്ടി സ്പീക്കർ: ബില്ലിനെക്കുറിച്ചു സംസാരിച്ചാൽ മതി.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഭരണകക്ഷിയിലെ ചില ആളുകൾ ഇവിടെ ഒരു രാഷ്ട്രീയധ്രുവീകരണം ഉണ്ടെന്നുള്ള ധാരണ പരത്താൻ ശ്രമിക്കുകയാണ്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ബഹുമാനപ്പെട്ട ഹാജിയെ പ്രവണപ്പെടുത്താൻ വേണ്ടിയല്ല ഞാൻ അതു പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, രാഷ്ട്രീയധ്രുവീകരണവും ഈ ബില്ലുമായി യാതൊരു ബന്ധവുമില്ല. ബില്ലിനെക്കുറിച്ചു സംസാരിച്ചാൽ മതി.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ഏതായാലും ഈ ബിൽ പാസ്സായിക്കാണാൻ ഈ രാജ്യത്തെ ജനങ്ങൾ അത്യാവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: സർ, ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കിയെടുക്കേണ്ടതാണ്. ഈ ബില്ലിന്റെ വ്യാപ്തിയിൽ അഗ്രിക്കൾച്ചറിസ്റ്റ് എന്നു പറഞ്ഞാൽ agricultural labourer, kudikidappukaran, ടെനന്റ് ഇവരെയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. മിക്ക കൃഷിക്കാരും കൃഷിപ്പിഴ കൊണ്ടും മറ്റും കടത്തിൽ ആണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മുപ്പതിനായിരം രൂപവരെയുള്ള കടത്തിന് ആശ്വാസം നൽകുന്ന വിധത്തിൽ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതേസമയത്ത് രാജ്യത്തെ സാമ്പത്തിക വ്യവസ്ഥിതിക്ക് ന്യൂനത ഉണ്ടാകാത്തവിധത്തിൽ കോ-ഓപ്പറേറീവ് സൊസൈറ്റിയുടെ ലോണും ബാങ്കുകൾ ഇഷ്യൂ ചെയ്ത ലോണും ഒക്കെ ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതുപോലെതന്നെ ചില ബാങ്കുകൾ അമാൽഗമേറ്റ് ചെയ്ത അവസരത്തിൽ വാങ്ങിച്ചിട്ടുള്ള കടങ്ങളും ഒരു പരിധിവച്ചു കൊടുക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ ചില വകുപ്പുകൾ ചില ഉപദ്രവങ്ങളുണ്ടാക്കുമെന്ന് ചില മെംബർമാർ പറയുന്നതു കേട്ടു. ക്ലോസ് 18-ൽ പറയുന്നത്:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജി. ഗോപിനാഥൻ പിള്ള]

Notwithstanding anything contained in this Act, where an agriculturist has made any voluntary transfer of any interest in immovable property within the six months immediately preceding the date of publication of the Kerala Agriculturists Debt Relief Bill, 1968, in the Gazette, such agriculturist shall not be entitled to the benefits of this Act എന്നാണ്. ഈ ബിൽ പാസ്സായി 6 മാസത്തിനകം എന്നുള്ളതുമാറ്റിയിട്ട് ഈ ബിൽ പബ്ലിഷ് ചെയ്ത ദിവസം മുതൽ എന്നാക്കണം. അങ്ങനെ ഒരു ചെറിയ അമെൻറുമെൻറ് വരുത്തണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അപ്പോഴും ഉത്തമവിശ്വാസത്തോടെ വിൽക്കപ്പെട്ട കേസിനും ബെനിഫിറ്റ് കിട്ടാതെ വരികയില്ലേ?

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ ഞാൻ ആദരിക്കുകയാണ്. എങ്കിലും അതുകൂടി ഇല്ലെങ്കിൽ കൊള്ളാം. സെയിൽസ്ടാക്സ് കൊടുക്കുന്ന ആളിന് ടേൺ ഓവർ നാല്പതിനായിരം രൂപ ആണെങ്കിൽ ബെനിഫിറ്റ് കിട്ടുന്നുണ്ട്. ഇൻകംടാക്സ് ഒരു പരിമിതമായ തുക കൊടുക്കുന്ന ആളുകളെ ഒഴിവാക്കിയിട്ടുണ്ട്. ഏതു രീതിയിൽ നോക്കിയാലും ഇന്നത്തെ കർഷകജനതക്ക് ഏറ്റവും ഉപകാരപ്രദമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ പാസ്സാക്കിയെടുക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. ഈ ബിൽ പാസ്സാക്കിയില്ലെങ്കിൽ അത് നാം കർഷകജനതയോടു ചെയ്യുന്ന ഏറ്റവും വലിയ അപരാധമായിരിക്കും. ലാൻഡ് റിഫോംസ് (അമെൻറുമെൻറ്) ബിൽ പാസ്സാകുന്നതോടുകൂടി ഈ ബില്ലും പാസ്സായാൽ മാത്രമേ ലാൻഡ് റിഫോംസ് ബില്ലിലെ കാര്യങ്ങൾ പ്രായോഗികമാക്കാൻ സാധിക്കൂ. കർഷകജനതക്ക് ഇതിൽ കൂടുതൽ നമുക്ക് ചെയ്തുകൊടുക്കാവുന്ന ഉപകാരം വേറെയില്ല. അതുകൊണ്ട് ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കിയെടുക്കണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: സർ, സെലക്ററുകമ്മിറ്റിയുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള ഭേദഗതികളെല്ലാംതന്നെ സ്വാഗതാർഹമാണെന്നു പറയാൻ എനിക്കു സന്തോഷമുണ്ട്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഉന്നയിക്കപ്പെട്ടതും വളരെ ഗൗരവമായി പരിശോധിക്കേണ്ടതുമായ ഒന്നുരണ്ടു പ്രശ്നങ്ങൾ സെലക്ററുകമ്മിറ്റി പരിശോധിച്ചിട്ടില്ലേ എന്ന് ഈ റിപ്പോർട്ടു പരിശോധിച്ചശേഷം ഞാൻ സംശയിക്കുകയാണ്. ആ കാര്യങ്ങൾ ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാനും അവ ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിക്കാനും ഞാനാഗ്രഹിക്കുകയാണ്. പ്രധാനമായും എനിക്കു മുൻപു സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. ഗോപിനാഥ പിള്ള ചൂണ്ടിക്കാണിച്ച ക്ലോസ് 18–നെക്കുറിച്ചാണ് പറയാനുള്ളത്. അതിൽ Notwithstanding anything contained in this Act, where an agriculturist has made any voluntary transfer of any interest in immovable property within the six months immediately preceding the date of publication of the Kerala Agriculturists Debt Relief Bill, 1968, in the Gazette, such agriculturist shall not be entitled to the benefits of this Act എന്നു പറഞ്ഞിട്ടുണ്ട്. ഇതു വരുമ്പോഴും ഒരു കടക്കാരനായ കൃഷിക്കാരനു (ഡെഫനിഷൻ വിപുലമാക്കിയിട്ടുണ്ട്, വിപുലമായ ഡെഫനിഷൻ ആവശ്യവുമാണ്; അതനുസരിച്ച് വളരെയധികം ആൾക്കാരെ അർഹരായവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; അങ്ങനെയുള്ള ഒരു കൃഷിക്കാരനു) ഈ ബിൽ പ്രസിദ്ധീകരിക്കുന്നതിനു 6 മാസം

LIBRARY ARCHIVES Kerala Legislative Assembly

മുൻപു മുതലുള്ള കാലാവധിക്കുള്ളിൽ അയാളുടെ വക എന്തെങ്കിലും വസ്തുവിന്റെ എന്തെങ്കിലും അവകാശങ്ങൾ ട്രാൻസ്ഫർ നടത്തിയിട്ടുണ്ടെങ്കിൽ ഈ ആക്റ്റുകൊണ്ടുള്ള യാതൊരാനുകൂല്യവും ലഭിക്കുന്നതല്ലെന്നാണ് വ്യവസ്ഥ. അഗ്രിക്കൾച്ചറിസ്റ്റിന്റെയും അധമർണ്ണന്റെയും ഡെഫനിഷൻ വിപുലപ്പെടുത്തിക്കൊണ്ട് കൂടുതൽ ആളുകൾക്ക് ആനുകൂല്യം കൊടുക്കാൻ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥയുടെ ഗുണത്തിന്റെ നല്ലൊരു ശതമാനം ഈ ക്ലോസ് 18 കൊണ്ട് നഷ്ടപ്പെട്ടുപോകുമെന്നാണ് എന്റെ ഭയം. കാരണം ആറുമാസത്തിനിടയിൽ (ആക്റ്റ് പബ്ലിഷ് ചെയ്യുന്നതിന് 6 മാസം മുൻപ് എന്നു പറയുമ്പോൾ അത് പത്തുമാസമെങ്കിലുമാകും. അപ്പോൾ എട്ടുപത്തു മാസത്തിനുള്ളിൽ) എന്തെങ്കിലും അവകാശം —ടെനൻസി റൈറ്റ് ആയാലും ശരി എന്തെങ്കിലും വസ്തു മോർട്ട്ഗേജ് ചെയ്തതായാലും ശരി——എന്തെങ്കിലും ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ അവകാശം നഷ്ടപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. കടംകൊണ്ട് വീർപ്പുമുട്ടി ബുദ്ധിമുട്ടുകൊണ്ട് ഉത്തമർണ്ണനെ പറഞ്ഞുനിർത്താൻ വേണ്ടി ഒരു പണയം എഴുതി വയ്ക്കുകയോ കുറേ ഭാഗം വിലയെഴുതിക്കൊടുത്തു കടം തീർക്കാൻ ശ്രമിക്കുകയോ ചെയ്താൽ ക്ലോസ് 18 മൂലം, ആക്റ്റിന്റെ യാതൊരാനുകൂല്യവും അയാൾക്കു കിട്ടാതെയാകും. അപ്പോൾ, ഈ ആക്റ്റുകൊണ്ട് നൽകാനുദ്ദേശിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുത്തുന്ന സ്വഭാവമായിരിക്കും ക്ലോസ് 18-ന്റെ ഫലമെന്നുള്ള നിലയിൽ വരാൻ പോകുന്നത്. അതേസമയം, ക്ലോസ് 18 പോലൊരു ക്ലോസ് ഉൾപ്പെടുത്തുമ്പോൾ ഈ ബിൽ ഡ്രാഫ്റ്റു ചെയ്തവരുടെ ഉദ്ദേശവും, ആ വ്യവസ്ഥ മാറാതിരുന്നപ്പോൾ സെലക്റ്റുകമ്മിറ്റിക്കുണ്ടായിരുന്ന ഉദ്ദേശവും എന്തായിരിക്കുമെന്നു ഞാൻ മനസ്സിലാക്കുന്നുണ്ട്. ഇങ്ങനെ ഒരു ആക്റ്റ് വരാൻ പോകുന്നുവെന്നു മനസ്സിലാക്കിക്കൊണ്ട്, സ്വത്തു കുറഞ്ഞവരും കടം കൂടിയവരുമായ ആളുകൾ, സ്വത്തുക്കൾ മുഴുവൻ കോടതിയിൽ സറണ്ടർ ചെയ്തിട്ടു നാലിലൊന്നു ഭാഗം തിരിച്ചുവാങ്ങി ബാക്കി നാലിൽ മൂന്നുഭാഗംകൊണ്ട് ഉത്തമർണ്ണന്മാരെ തൃപ്തിപ്പെടുത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുള്ള വകുപ്പ് ഉപയോഗപ്പെടുത്തിക്കൊണ്ട് അതിനുവേണ്ടി വസ്തു എഴുതിവിൽക്കാൻ ഇടയുണ്ടെന്നുള്ള ധാരണയിലും വിശ്വാസത്തിലുമാണ് ഇങ്ങനെയൊരു വകുപ്പ് എഴുതിച്ചേർക്കാൻ തയ്യാറായത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഇങ്ങനെയൊരു നിയമം വരാൻപോകുന്നുവെന്നുള്ളതുകൊണ്ട്, ഉള്ള സ്വത്തുക്കൾ അന്യാധീനപ്പെടുത്തി മറ്റുള്ളവരെ മോശക്കാരാക്കാൻ ശ്രമിക്കുമെന്നുള്ളതിനെ തടയണമെന്നുള്ളതിനു സംശയമില്ല. അങ്ങനെ മോശം ചെയ്യുന്നതിനെ തടയാൻവേണ്ടി വകുപ്പെഴുതുമ്പോൾ യഥാർത്ഥത്തിൽ ആനുകൂല്യം കിട്ടേണ്ട അധമർണ്ണൻമാർക്ക് ആ ആനുകൂല്യങ്ങൾ കിട്ടാതെയാക്കുന്ന രീതിയിലാകരുത്. അതുകൊണ്ട് എന്റെ അഭിപ്രായം, എല്ലാ ട്രാൻസ്ഫറുകളും അധമർണ്ണനെ ആനുകൂല്യങ്ങൾക്ക് അയോഗ്യനാക്കുമെന്നുള്ള അടച്ചുള്ള പ്രൊവിഷൻ പരിമിതപ്പെടുത്തിക്കൊണ്ടുവന്ന്, ക്രെഡിറേറഴ്സിനെ തോൽപ്പിക്കാൻവേണ്ടി ട്രാൻസ്ഫർ നടത്തിയിട്ടുള്ളവരെ മാത്രം അനർഹരാക്കുക എന്നുള്ള നിലയിൽ ചുരുക്കണം എന്നാണ്. അല്ലെങ്കിൽ ഡെറർ എന്നുള്ളതിന്റെ ഡെഫനിഷനിൽ വന്നിരിക്കുന്ന മാറ്റത്തിന്റെ പ്രയോജനം ലഭിക്കുകയില്ല. മുൻപു ചൂണ്ടിക്കാണിച്ച ഉദാഹരണം ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്, പ്രൊമിസ്സറിനോട്ടു പ്രകാരമോ മറ്റോ തുക കൊടുക്കാനുള്ള ആളാണെങ്കിൽ അയാളുടെ മേൽ സമ്മർദ്ദം വന്നുകഴിയുമ്പോൾ——കുറേക്കൂടി സുരക്ഷിതമാക്കിത്തരണമെന്ന് അയാളോടാവശ്യപ്പെട്ടുകഴിയുമ്പോൾ——കടംകൊണ്ട് വളരെയധികം ബുദ്ധിമുട്ടിക്കഴിയുമ്പോൾ ഉള്ള സ്വത്തു മുഴുവൻ പണയമോ ഒറ്റിയോ ആക്കി കൊടുത്തുവെന്നുവരും,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ]

വസ്തുവിലുള്ള ഏതവകാശം ട്രാൻസ്ഫർ ചെയ്താലും ആനുകൂല്യങ്ങൾക്ക് അനർഹനാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ചെറിയ കടങ്ങളും ഉള്ളവർ ഒന്നും ട്രാൻസ്ഫർ ചെയ്യാൻ നിർബന്ധിതരായി എന്നു വരികയില്ല. കടംകൊണ്ട് ഏറ്റവും ബുദ്ധിമുട്ടുന്നവരാണ് ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നത്. അങ്ങനെ ട്രാൻസ്ഫർ ചെയ്യാൻ നിർബന്ധിതരായാൽ, (ആറുമാസത്തിനുള്ളിലെന്നു മാത്രമല്ല, ഇനിയും കടംവാങ്ങിയിട്ടുള്ളവരുടെ മേൽ സമ്മർദ്ദം ചെലുത്തി ട്രാൻസ്ഫർ ചെയ്തു വാങ്ങാനിടയുണ്ട്, വാങ്ങുകയും ചെയ്യും) ഇങ്ങനെയുള്ള എല്ലാ ട്രാൻസ്ഫറുകളെയും ഉൾപ്പെടുത്തിക്കൊണ്ട് അടച്ചുപിടിച്ച് നിയമമുണ്ടാക്കിയാൽ, നാം ആർക്കൊക്കെ ആനുകൂല്യങ്ങൾ നൽകാനുദ്ദേശിക്കുന്നുവോ അവരൊക്കെ ആ ആനുകൂല്യങ്ങൾക്ക് അയോഗ്യരായിത്തീരും. അതുകൊണ്ട് ക്ലോസ് 18 ന് ആവശ്യമായ ഭേദഗതി വരുത്തണം. ക്രെഡിറേഴ്സിനെ തോൽപിക്കാൻവേണ്ടി ട്രാൻസ്ഫർ നടത്തുന്നവരെ ഇതിൽ നിന്ന് ഒഴിവാക്കാം. മാത്രമല്ല ക്ലോസ് 18-ൽ പറയുന്നതുപോലെ ഏതെങ്കിലും ട്രാൻസ്ഫർ നടത്തുന്നവർക്കെല്ലാം പരിപൂർണ്ണമായി ആക്ടിലെ ആനുകൂല്യങ്ങൾക്ക് അയോഗ്യത കൽപിക്കണമോ എന്നും ആലോചിക്കണം, ക്ലോസ് 15-ൽ പറയുന്നതനുസരിച്ചുള്ള നടപടികളും സ്വീകരിക്കാൻ ശ്രമിക്കുന്നവർ മാത്രമേ കൈമാറ്റംകൊണ്ട് ക്രെഡിറേഴ്സിനെ തോൽപിക്കുന്നുള്ളു. അയാളുടെ സ്വത്തുക്കളും മുഴുവൻ കോടതിയിൽ സമർപ്പിക്കുകയും കൊടുത്തുതീർക്കാനുള്ള കടത്തിന്റെ പട്ടിക സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞാൽ ആ കടത്തെ സംബന്ധിച്ച് വിചാരണ ചെയ്തശേഷം സ്വത്തുക്കളിൽ നാലിലൊന്ന് അയാളുടെ ജീവിതത്തിനുവേണ്ടി മാറ്റിവച്ചിട്ട് ബാക്കി ഉത്തമർണ്ണൻമാർക്കു വീതിച്ചുകൊടുത്ത് അയാളെ കടത്തിൽനിന്നു മോചിപ്പിക്കുക എന്നുള്ള സ്കീമാണ് ക്ലോസ് 15-ൽ പറഞ്ഞിട്ടുള്ളത്. ആ സ്കീമിന്റെ ആനുകൂല്യം കിട്ടാനാഗ്രഹിക്കുന്നവർക്ക് ഇതു ബാധകമാക്കിയാൽ പോരേ? അങ്ങനെയുള്ളവരുടെ കാര്യത്തിൽ ബാധകമാക്കണം. 'എ'യ്ക്ക് 30,000 രൂപ കടമുണ്ടെന്നിരിക്കട്ടെ, 50,000 രൂപയുടെ സ്വത്തും ഉണ്ടെന്നു വയ്ക്കുക. കടം കൊടുത്തുതീർക്കാൻ കഴിയുന്നയാളാണ്. അയാൾ 40,000 രൂപയുടെ സ്വത്തുക്കൾ കൈമാറ്റം ചെയ്തിട്ട് ക്ലോസ് 15 അനുസരിച്ച് കോടതിയിൽ സമർപ്പിക്കുകയാണ്. 2,500 രൂപയ്ക്കുള്ള സ്വത്തുക്കൾ അയാൾക്കു തിരികെ കിട്ടും. ബാക്കി വീതിച്ചുകൊടുക്കേണ്ടിവരും. അങ്ങനെ വീതിച്ചുകൊടുക്കുകയെന്നു പറഞ്ഞാൽ 25 ശതമാനം മാത്രമേ കടം തിരിച്ചുകിട്ടുന്നുള്ളു. അങ്ങനെ ക്ലോസ് 15 അനുസരിച്ചു കോടതിയിൽ സമർപ്പിക്കുന്നയാൾ ട്രാൻസ്ഫർ നടത്തിയാൽ ക്രെഡിറർക്കു നഷ്ടം വരികയും ക്രെഡിറർ മോശം ചെയ്യപ്പെടുകയുമാണുണ്ടാവുക. പക്ഷേ ക്ലോസ് 15 അനുസരിച്ച് പെറ്റീഷൻ കൊടുക്കാത്തവരുടെ കൈമാറ്റംമൂലം ക്രെഡിറർ മോശംചെയ്യപ്പെടുന്നില്ല. മറ്റു സാധാരണ കടങ്ങൾ തവണയായി അടച്ചുതീർക്കാനുള്ളതാണ്. മൂന്നിലൊന്നു കെട്ടിവെച്ച് ബാക്കി 10 തവണകളായി അടച്ചുതീർക്കാനുള്ളതാണ്. എന്തെങ്കിലും അവകാശം ട്രാൻസ്ഫർ ചെയ്തുവെന്നുള്ളതുകൊണ്ട് ഈ ബില്ലിനനുസരിച്ചുള്ള പ്രത്യേകാനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. കടം കൊടുത്തിട്ടുള്ളയാൾക്ക് നഷ്ടം സംഭവിക്കാവുന്നത് ക്ലോസ് 15-ന്റെ ആനുകൂല്യം നേടാൻ പെറ്റീഷൻ കൊടുക്കുകയാണെങ്കിൽ മാത്രമേയുള്ളു. അതുകൊണ്ട് എന്റെ അഭിപ്രായം ഈ കാര്യത്തെക്കുറിച്ച് ഒന്നുകൂടി പരിശോധിക്കണമെന്നാണ്. ഒന്നുകൂടി പരിശോധിച്ച് ബോണഫൈഡി ആയ ട്രാൻസാക്ഷനുകളെ സംബന്ധിച്ചിടത്തോളം ക്ലോസ് 18 അനുസരിച്ചുള്ള ഡിസ്കാളിഫിക്കേഷൻ വരുത്താതിരിക്കുകയും, ക്ലോസ് 15 അനുസരിച്ചു പ്രൊസീഡു ചെയ്യുകയാണെങ്കിൽ മാത്രം ഡിസ്കാളി

LIBRARY ARCHIVES Kerala Legislative Assembly

ഫിക്കേഷനുണ്ടായിരിക്കുമെന്നു നിശ്ചയിക്കുകയും ചെയ്താൽ പോരെ? ക്ലോസ് 18-ൽ പറയുന്ന പ്രകാരമുള്ള ട്രാൻസ്ഫർ നടത്തിയാൽ അയാൾ പ്രത്യേകാനുകൂല്യങ്ങൾ നേടുകയോ ക്രെഡിറ്റർക്കു പ്രത്യേക നഷ്ടം വരികയോ ചെയ്യുന്നത് ക്ലോസ് 15 അനുസരിച്ചു പ്രൊസീഡു ചെയ്താൽ മാത്രമേയുള്ളു. അതുകൊണ്ട് ക്ലോസ് 15 അനുസരിച്ചു പെറ്റീഷൻ കൊടുക്കുന്നവരെ സംബന്ധിച്ചിടത്തോളം മാത്രം ഡിസ്കാളിഫിക്കേഷൻ വച്ചാൽ പോരേ എന്നു പരിശോധിക്കണം. 6 മാസത്തിനുള്ളിൽ ട്രാൻസ്ഫർ ചെയ്തയാളിന് ക്ലോസ് 15 അനുസരിച്ചുള്ള പെറ്റീഷൻ കൊടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല എന്നുമാത്രം പോരേ എന്ന് ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ക്ലോസ് 20 സബ്ക്ലോസ് (2) ൽ

(2) Where any immovable property in which an agriculturist had an interest has been sold in execution of any decree for arrears of rent or michavaram— എന്നൊരു പ്രൊവിഷൻ ഉണ്ട്. ലാൻഡ് റിഫോംസ് ബിൽ 13 (സി) യിൽ പറയുന്നത് ഇങ്ങനെയാണ്: Cancellation of certain sales for arrears of rent. ഇതു തമ്മിൽ പൊരുത്തക്കേടുണ്ടോ എന്നു നോക്കണം. ഇതു പരസ്പരവിരുദ്ധമാണോ എന്നു ഞാൻ പരിശോധിച്ചു നോക്കിയിട്ടില്ലാത്തതുകൊണ്ട് ഇപ്പോൾ അഭിപ്രായം പറയുന്നില്ല; അതു നോക്കണമെന്ന് അപേക്ഷിക്കുകയാണ്.

1-5-1967 നു ശേഷമുള്ള അരിയേഴ്സ് ഓഫ് റെൻറ് അഞ്ച് ഇൻസ്റാൾമെൻറായി അടച്ചുതീർക്കണമെന്നു പറഞ്ഞിട്ടുണ്ട്. 1-5-1967 മുതലുള്ളത് അഞ്ച് ഇൻസ്റാൾമെൻറായി അടച്ചുതീർക്കാൻ അവകാശം കൊടുത്തിരിക്കുന്നത്, ലാൻഡ് റിഫോംസ് ബില്ലിൽ വരുത്തിയിരിക്കുന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1-5-1968 നു ശേഷമുള്ളത് എന്നാക്കണം. അതിന്, ക്ലോസ് 4 (2) (ബി) യിലും അതിനെത്തുടർന്ന് അതുപോലെയുള്ള ഭാഗങ്ങളിലും

1st day of May 1967

എന്നുള്ളത്

1st day of May 1968

എന്നാക്കേണ്ടിവരും.

പ്രധാനമായി ഇത്രയും കാര്യങ്ങളാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. 18-ാം ക്ലോസിലും മേൽപറഞ്ഞ മറ്റു ക്ലോസുകളിലും ആവശ്യമായ ഭേദഗതി വരുത്തി ഇതു പാസ്സാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri U. P. Kunikullaya: Sir, while welcoming this Bill, though there has not been sufficient time to go through the provisions of this Bill, I would like to state the main difficulties that will be experienced while implementing the provisions of this Bill.

Now arrears of rent is treated as debt and all disputes regarding debt should come before a Land Tribunal. The court is defined as: any civil court having jurisdiction to entertain a suit for the recovery of a debt.

LIBRARY ARCHIVES Kerala Legislative Assembly

[Shri U. P. Kunikullaya:]

Now under the Land Reforms (Amendment) Bill, which is also under discussion, all disputes between the tenant and landlord have to be agitated before the Land Tribunal. When the arrears of rent is treated as debt, which is the court which has got the jurisdiction to try or work out the provisions of this Bill, whether it is the Land Tribunal or the Civil Court? So unless it is clarified as to who will work out the provisions of this Bill, a lot of complications will arise and the parties will be driven from one court to another.

My suggestion is the definition of court has to be widened or enlarged as the case may require, either the Land Tribunals have to deal with the part of the debt to the extent of arrears of rent or the matter should go to another court which may have the jurisdiction for the purpose of working out the provisions of this Bill. So this matter should be looked into carefully.

Secondly the definition of 'agriculturist'. It includes certain class of persons. But certain class of persons are treated as not agriculturists if they pay income-tax either under the Agricultural Income-tax Act or under the Central Income-tax Act. Now a person will include an individual and also a joint family. While treating certain persons as not agriculturists, no distinction has been made between individuals and joint families. Even as per the Central Income-tax Act and Agricultural Income-tax Act, in the case of an individual, the limit for taxation is Rs. 3,600 whereas if it is for a joint family, it will come to Rs. 6,000. In that case, if the income is more than Rs. 6,000. the family is liable to be taxed. Now as per the present Bill, an individual, if he is a debtor, will get more benefit. So what I say is the limit in respect of joint family should be enhanced.

I will read clause 2 (1) (*ii*): 'any person assessed to income-tax under the Income-tax Act, 1961, in any two years within the three years immediately preceding the commencement of this Act and whose total income for the purposes of the said Act exceeded eight thousand rupees per annum.

Sub-clause (iii) reads:

Any person assessed to agricultural income-tax in any two years within the three years immediately preceding the commencement of this Act, under the Agricultural Income-tax Act, 1950 or under any other law relating to agricultural income-tax on an income exceeding eight thousand rupees per annum.

Here the joint family and an individual is treated alike. My suggestion is the present provision may be applied in the case of individual debtors, but if it is a joint family, if it is as such a debtor, the limit should be enhanced. I should submit that, if it is a joint family, since it is treated as non-agriculturist, it may be increased to Rs. 12 to 15 thousand. Otherwise there will be no fairness or justice meted out to the joint families which are not agricultural families.

LIBRARY ARCHIVES Kerala Legislative Assembly

Another complication is this. Even under the Kerala Agriculturists Debt Relief Act, 1958 (31 of 1958), in case there are usufructuary mortgages and lease backs, they have to be considered as simple mortgages. So many complications have arisen in regard to the application of that provision. First of all how a mortgagor who has taken the properties on lease is to work out his right, whether it is by way of a suit or by way of an application. Now clause 11 (8) reads like this:

" Nothing contained in sub-sections (2) to (7) shall apply to mortgages where the property mortgaged has been leased back to the mortgagor by the mortgagee and to such mortgages, the following provisions shall apply, provided the total debts of the mortgagor inclusive of the mortgage amount are not more than thirty thousand rupees on the date of the commencement of this Act".

So, as per sub-clause 2 of clause 11 a usufructuary mortgagor can file an application to redeem properties before the court and work out his remedies for redemption. But in the case of a mortgagor who is also a lessee and who has taken back the property on lease, cannot seek remedies by means of an application. This anomaly has been experienced by me as a lawyer while practising in the court. There are doubts whether an agriculturist who is a mortgagor can file a suit for redemption or an application. As per sub-clause 8 of clause 11, it has to be clarified whether such mortgagors will be given the right to work out their remedies by means of an application.

This anomaly has to be rectified. Another point is this. In the case of usufructuary mortgages which are treated as simple mortgages, whether the mortgagor has got the right to file an application for redemption and who all should be made parties to the proceedings? If it is in the case of simple mortgages, the creditor has got the right to recover it and he has to file a suit for recovery. Whether the mortgagor has a right to proceed against the creditor to redeem his property in the case of simple mortgage. In the existing provision, no relief or remedy or right is given to the mortgagor to proceed against the mortgagee to discharge all the debts. Necessary provision should be made in this Bill also to enable the simple mortgagor who has taken the property and leased back to work out remedies.

Another difficulty is: by treating the usufructuary mortgages which have been leased back as simple mortgages, who all should be the parties in such proceedings when the mortgagor or the debtor files petition or suit for getting remedy. Now there are so many cases in which a large number of petitions have been dismissed on account of the fact that simple mortgage includes personal remedy under the law against the original executant. Now a person might have executed the usufructuary mortgage and obtained the lease back and might have transferred the entire properties ten or fifteen years back.

I do not know whether the Honourable Minister is listening to my arguments which are very important.....

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: Order, order. The Honourable Minister is listening. You may continue.

Shri Kunikullaya: Sir, A might have executed a usufructuary mortgage and taken back the properties on lease about fifteen years back. He might have transferred the entire property to B. Now when it is treated as simple mortgage, A's liabilities do not come to an end. He being an executant, there is a personal liability on him because it comes under the law of simple mortgage. In such cases, whether the subsequent purchaser who is also the debtor under the provisions of this Act, can seek out his remedies without impleading the original owner on whom the personal liability comes in. So the complication is without impleading the original owner of the property, though he has already changed hands his property, no remedy could be obtained by the succeeding purchaser because as per the fiction of law, it is a simple mortgage and there is personal liability. So necessary provision should be made to the effect that the original owner or the original executant of the mortgage deed is not necessarily a party to work out the remedy.

Another difficulty is this. If the original executant who has transferred his properties, which were under the usufructuary mortgage and leased back, then the primary liability will be on the purchaser to discharge the debt. Now when he is a simple mortgagor the personal liability goes on to the original executant also. Unfortunately, by virtue of this Bill, after transfer of his properties, if the original executant becomes a non-agriculturist, the creditor can proceed against him also, because he being a non-agriculturist, he will be made liable to discharge the portion that remains due after the purchaser redeems or discharge the portion of the debt that is liable to be paid by him as per this Bill.

Yet another complication is this. A joint family might have executed a usufructuary mortgage and obtained the property on lease back. Subsequently, by virtue of partition in that family, the properties which are charged for this debt are allotted to two or three junior members of that family. By virtue of this act, what happens is, it is treated as simple mortgage ? Who is competent to redeem that mortgage ? Whether persons to whom the property have been allotted alone are competent to discharge that debt. Whether the creditor is liable to claim the debt only from the person to whom it has been allotted and whether he can proceed against the other members of the family to whom the property has not been allotted. These are the complications. In cases where the property has been allotted to the junior members, which has been leased back, primarily the other members have no subsisting rights in the property but by making it as a simple mortgage, you are trying to cast the liability on the other members of the family also who are not entitled to any property by virtue of the partition deed. As per the provisions of this

LIBRARY ARCHIVES Kerala Legislative Assembly

Bill, even people who have no right in the property, are made liable for the debt. Please remove this anomaly.

Another fact is this. Of course the courts have interpreted the provisions of Act 31 of 1958. Originally, the mortgagor's heirs are not entitled to the benefits of Act 31 of 1958. But it is included here. As per this Bill, mortgagor shall include the heirs, legal representatives and assignees of the debtor. That means only the heirs and assignees directly from the mortgagor are entitled to the benefits of this Act. What happens to a person who has got an assignment from the assignee of the original mortgagor. Whether he will be entitled to the benefits of this Act. It is not made clear. To avoid complication, it will be better to include the word "successors in interest of the original mortgagors or mortgagee". That means assignees from the original mortgagor and the original debtor or creditor will also get the benefit of this Act. Successors in interest should also be included in the definition along with heirs and assignees of the creditor and debtor, mortgagor and mortgagee, etc.

[12 noon]

Then regarding the provisions relating to the usufructuary mortgages. It has become very difficult, as it is, to give correct and proper advice to the parties as to whether they are to litigate or seek remedies under the provisions of this Bill or not. Even though certain transactions which are usufructuary mortgages.....

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഈ സഭ ഇപ്പോൾ നിറുത്തി വയ്ക്കണം. ട്രഷറി ബഞ്ചിൽ ആരും ഇല്ല. മന്ത്രിമാരുടെ സീറ്റിൽ ഒറ്റമന്ത്രിപോലും ഇല്ലാതെ ഇതു ആരു കേൾക്കുവാനാണ് പറയുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി വരുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: വെറും സാങ്കേതിക കാരണങ്ങൾ കൊണ്ടു മാത്രമല്ല ഞങ്ങൾ ഇതു പറയുന്നത്. ഈ ചർച്ച തുടങ്ങിയ ദിവസം മുതൽ ഒറ്റദിവസം പോലും, ഇങ്ങനെ സംഭവിക്കാത്ത ദിവസങ്ങളില്ല. കൂട്ടുത്തരവാദിത്വത്തെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. എന്തായാലും ഇത്ര ഉത്തരവാദിത്വമില്ലാതെ പോകുന്നതു ശരിയല്ല.

ശ്രീ. കെ. ടി. ജോർജ്ജ്: പന്ത്രണ്ടുമന്ത്രിമാർ ഉള്ള ഈ നിയമസഭയിൽ ആരുംതന്നെ സീറ്റിലില്ലാത്ത ഒരു പരിതസ്ഥിതി ഉണ്ടാകുകയാണെങ്കിൽ ഈ ചർച്ച നീട്ടിക്കൊണ്ടുപോയിട്ടു വലിയ അർത്ഥമില്ല.

ശ്രീമതി. കെ. ആർ. ഗൗരി: സീറ്റിൽ ഇരുന്നില്ല എങ്കിലും ഇവിടെ നടന്ന ചർച്ചകൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആരും സീറ്റിൽ തന്നെ ഇരിക്കണമെന്നില്ല. ശ്രീ. ജോർജ്ജ്തന്നെ ഇപ്പോൾ ശ്രീ. കുന്നിക്കുലയ്യായുടെ അടുത്തു ഇരുന്നിട്ടു ഇപ്പോൾ ഈ തക്കം നോക്കി ഓടിവന്നു സീറ്റിൽ ഇരുന്നിട്ടു ഇതു പറയുകയാണ്. മന്ത്രിമാരെല്ലാം സീറ്റിൽതന്നെ ഉണ്ടായിരിക്കണമെന്നുള്ളതു നിർബന്ധമായി പാലിക്കണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ബില്ല് ചർച്ച ചെയ്യുമ്പോൾ ഇതു പോലെ ഉത്തരവാദിത്വമില്ലാതെ ബന്ധപ്പെട്ട മന്ത്രിമാർ കേൾക്കാനില്ലാതെ ചർച്ച തുടരണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഒരു മന്ത്രിക്കു അവിടെ തന്നെ സദാസമയവും ഇരിക്കുവാൻ പറ്റിയെന്നു വരികയില്ല. അങ്ങനെ മന്ത്രിക്കു എഴുന്നേറ്റു പോകണമെങ്കിൽ മറ്റു മന്ത്രിമാരിൽ ആരെയെങ്കിലും പോയിന്റുസ് കുറിച്ചുവയ്ക്കുവാൻ ഏൽപിച്ചിട്ടു പോകാം. അതൊന്നുമില്ലാതെ ഇങ്ങനെ നിരുത്തരവാദപരമായി പെരുമാറുന്നതു ഖേദകരമാണ്.

ശ്രീമതി കെ. ആർ. ഗൗരി: മറ്റുള്ളവരെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. മന്ത്രിമാർക്കു ഈ ജോലികൾ മാത്രമല്ല ഉള്ളത്. വേറെ ജോലികൾ ഉണ്ട്. ഒരേ ഇരിപ്പ് ഇരിക്കുമ്പോൾ പ്രയാസം തോന്നി എഴുന്നേറ്റു നടക്കാമെന്നു കരുതി ഈ സഭയിൽ തന്നെ അങ്ങോട്ടോ മറ്റോ എഴുന്നേറ്റു പോയി എന്നു വരും. മെമ്പറൻമാർ ചർച്ച നടത്തുമ്പോൾ എന്തെങ്കിലും സംശയം വന്നാൽ ലാ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ പുറകിൽ ഇരുപ്പുണ്ട്. അവരുമായി ഇതേപ്പറ്റി ചർച്ച നടത്താം എന്നു വിചാരിക്കും. അപ്പോൾ എഴുന്നേറ്റു പോകും. സാധാരണഗതിയിൽ ഞാൻ കുറിച്ചു കൊടുക്കുകയാണ് പതിവ്. ഇപ്പോൾ ശ്രീ. കുന്നിക്കുലയ്യായുടെ പ്രസംഗം കേട്ടപ്പോൾ ഒരു സംശയം ഉണ്ടായി. അതു ചോദിക്കുവാൻ പോയതാണ്. അതുകൊണ്ടു ഇവിടെ ചർച്ച നടത്തുന്നതൊന്നും കേൾക്കാൻ ആരുമില്ല എന്ന നിഗമനം തെറ്റാണ്. മറ്റു മന്ത്രിമാരെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല.

Shri U. P. Kunikullaya: I was dealing with the usufructuary mortgages. Now this being a Bill dealing with the question of debt, every importance should be given for the discharge of debts. The courts interpret that if in any document there is a personal covenant to pay the debt, if in a usufructuary mortgage, for example, if the mortgagor has undertaken the liability to pay the debt, it is not a usufructuary mortgage but an anomalous mortgage. In a Judgment of Justice Madhavan Nair of our High Court it is said that where there are clauses in the usufructuary mortgage deed undertaking the liability to repay.....

ശ്രീമതി. കെ. ആർ. ഗൗരി: ആ റൂളിംഗ് ഒന്നു വായിക്കണം.....

Shri U. P. Kunikullaya: That is there in KLT/1965. The difficulty is that there is no digest in the library.

Mr. Deputy Speaker: You can place it tomorrow.

Shri U. P. Kunikullaya: Justice Mr. Madhavan Nair—of course, it is a case from Kasaragod—while interpreting a mortgage whether it is a usufructuary mortgage or not, laid down the principle that if there is a clause where a mortgagor undertakes to repay the debt it ceases to be a usufructuary mortgage. It becomes an anomalous mortgage. It has to be treated as a lease. Wherever there is a clause undertaking to pay the debt, it is more a transaction of debt than any other transaction. These difficulties have arisen because of the definition of usufructuary mortgages in the Transfer of Property Act. The T. P. Act deals only with some of the ingredients

LIBRARY ARCHIVES Kerala Legislative Assembly

of a usufructuary mortgage. It does not provide for the term 'redeem'. It does not provide that the mortgagor should pay the amount. The mortgagor undertakes that when ever he offers the money, he should redeem. The Madras High Court has said that usufructuary mortgage is not anomalous mortgage simply because the mortgagor has undertaken to repay the debt. But our High Court have not followed it. If such is the case, necessary clarifications should be made in this Bill to treat even the mortgages where there are personal covenants by the mortgagor, as usufructuary mortgages to work out the remedy.

Then another practical difficulty experienced by the debtors is when working out the remedies as per clause 7 of the Bill. It say, 'The court shall, by order, determine the amount which the debtor has to pay under the provisions of section 4.' Now according to the debtor, there is no amount due by him because he has calculated and reappropriated it. But the creditor may say that some amount is due from him. Now even though a provision is made under clause 7 that 'any debtor who under section 4 is entitled to pay his debts in instalments or the creditor of any such debtor may apply to the court for an order fixing the amount payable under section 4'. The High Court has laid down that if a debtor contends that there is no money due by him, he is not entitled to pay under the provisions of Act 31/58. 1963/KLT 910 says that the application contending that a debt is discharged by him is not maintainable.

Bonafide the debtor may feel that no debt is due. But the creditor may say that some amount is due. The debtor should file an application that as per the provisions of this Act, he is not liable to pay the debt, and that a full satisfaction of the debt should be recorded in this case. But clause 7 as it now stands does not enable the debtor to file an application, and if some amount is found due ultimately, by calculation, he will not be able to realise because the working of the details and scaling down, etc., is really difficult. Sometimes parties may go wrong and ultimately, the court will say you are liable to pay. For this, my suggestion is that a clause enabling the debtor, whether any debt is due or not from him, to file an application before the court to record the true satisfaction of the debts, should be incorporated. Otherwise too many complications will arise and the debtors will be dragged unnecessarily to courts, and sometimes the petitions being dismissed. This difficulty should be removed.

Then regarding clause 9. Of course, actually this provision was there in the Act 31/58. Actually no material benefit has been given to anybody who seek remedy under clause 9. Because it is impossible to prove a sale deed as a transaction of debt. Of course, you can give oral evidence to show that it is a transaction of debt. In documents where apparently it is recited as a sale deed, no amount of oral evidence will influence any court to accept that it is

LIBRARY ARCHIVES Kerala Legislative Assembly

[Shri U. P. Kunikullaya]

a transaction of debt. Really if the framers of this Bill intend to confer benefit on the poor agriculturists, then what they would do is to take provision to set aside a sale deed executed for the purpose of discharge of debt. Suppose, if a person has sold unnecessarily his property, it is a different matter. It may be to the purchaser's interest or to the interest of the original party. But if the sale was intended to discharge the debts due by the agriculturists, then such sales can be set aside. Of course, there must be some benefit for the agriculturists. Otherwise, it is an illusory provision. My experience is that all the applications filed under section 9 in Kasaragod have been dismissed. As long as the Evidence Act is there, no court will believe oral evidence. There are certain people who believe in oral evidence. But no court will believe oral evidence when the Evidence Act is there. Clause 9 as it stands is superfluous. It does not give any material benefit to the agriculturists. The provision as it now stands does not give any benefit to the agriculturists.

Then the difficulties experienced under clause 9 (1). If he applies under clause 9 (3), then as per clause 6 he has to pay the court fees whatever it is in a suit. When he wants to get any relief and if he files objections under clause 9 (3), he has to pay court fee. Otherwise, his petition will be dismissed. By this, not only the property involved but also the property that is maintained for the livelihood is also deprived. I request that clause 6 may also be suitable revised.

[Shri J. A. Chacko in the Chair]

While coming to clause 20 (2) (a) and (b), there has been some interpretation whether the actual possession has passed. Possession can be constructive and actual possession. Symbolically, constructive possession is also deemed to be a possession. But if it is intended for actual possession, then the words should be 'actual possession'. It is not as if the possession has actually passed. The possession will include actual and constructive possession. If the intention is of passing of actual possession, then it should be clearly stated that 'actual possession is passed' and not that 'possession is actually passed'. This provision has to be clarified. Why I say this is that the parties should not be dragged on to courts unnecessarily.

Even though I have got some other suggestions to make, I have no time to go through all the provisions of the Bill carefully. I doubt whether we can move necessary amendments, because we have to submit amendments by 3 O' clock and we have no stenographer to dictate here. Under these circumstances even by tomorrow we may not be able to bring necessary amendments for the better implementation of the provisions of the Act. Of course, I leave it to the Minister to bring forth necessary amendments for the speedy implementation of the Act.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, കേരള കർഷക ഋണാശ്വാസബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. വളരെ കാലമായി ഈ നാട്ടിലെ കർഷകർ ആഗ്രഹിക്കുന്ന ഒരു നിയമമാണ് ഇത്. 1958-ൽ കൊണ്ടുവന്ന കടാശ്വാസനിയമം കൊണ്ട് ചിലർക്ക് ആശ്വാസം കിട്ടിയിരുന്നുവെങ്കിലും പലപ്പോഴും അതിന്റെ വൈകല്യംമൂലം പലർക്കും അതിന്റെ ആനുകൂല്യം ലഭിച്ചിരുന്നില്ല. മാത്രമല്ല, മൂന്നുനാലു കൊല്ലം കഴിഞ്ഞപ്പോഴേ അതിലെ ചില നിബന്ധനമൂലം അതിലുണ്ടായിരുന്ന പല ആനുകൂല്യങ്ങളും പല കർഷകർക്കും നഷ്ടപ്പെടുകയുണ്ടായി. അക്കാര്യങ്ങളെല്ലാം മുൻനിറുത്തി നിലവിലുള്ള വിഷമതകളും പരിഹരിക്കുന്നതിനും, സഹായം അർഹിക്കുന്ന എല്ലാ കർഷകർക്കും സഹായം ലഭിക്കുന്നതിനും വേണ്ടി ഈ നിയമം ഇവിടെ കൊണ്ടുവന്നതിൽ വളരെയധികം സന്തോഷമുണ്ട്. തീർച്ചയായും ഇത് വളരെ സ്വാഗതാർഹമായ ഒരു ബില്ലാണ്. എങ്കിലും ചില പോരായ്മകൾ ഇതിലുണ്ടെന്നത് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന്റെ ഡഫനിഷൻ ക്ലോസ്സിൽ 'ഡെറ്റ്'ന്റെ ഡഫനിഷനിലും കുടികിടപ്പുകാരന്റെ ഡഫനിഷനിലും ചിലഭേദഗതികൾ ആവശ്യമാണ്. കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം നാം ഭൂപരിഷ്ക്കരണ ഭേദഗതി ബില്ലിൽ അംഗീകരിച്ചിട്ടുള്ള ഡഫനിഷൻ ഇതിലും അംഗീകരിക്കേണ്ടതാണ്. 'ഡെറ്റ്'ന്റെ ഡഫനിഷനിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. പഴയ നിയമത്തിന്റെ ആനുകൂല്യങ്ങൾക്കുവേണ്ടി പല കേസ്സുകളും കോടതിയിൽ നിലവിലുണ്ട്. അങ്ങനെ കോടതികളിൽ നിലവിലിരിക്കുന്ന കേസ്സുകൾക്ക് ഈ നിയമം നടപ്പിൽ വന്നാൽ എന്ത് സംഭവിക്കുമെന്നുള്ളതിനെപ്പറ്റി ഒന്നുംതന്നെ ബില്ലിൽ പ്രതിപാദിച്ചിട്ടില്ല. ഉദാഹരണമായി ഈ നിയമപ്രകാരം മുപ്പതിനായിരം രൂപവരെയുള്ള കടമുള്ള ഒരു കൃഷിക്കാരനു മാത്രമേ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുള്ളൂ. മുപ്പതിനായിരത്തിനു മീതെ കടമുള്ള ഒരു കൃഷിക്കാരൻ 1958-ലെ നിയമത്തിലെ ആനുകൂല്യങ്ങൾക്കുവേണ്ടി കേസ്സ് നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ ഈ നിയമം വരുമ്പോൾ എന്ത് സംഭവിക്കും. അതിനെപ്പറ്റി ഇതിൽ വ്യക്തമാക്കിയിട്ടില്ലാത്തതുകൊണ്ട് അതു വ്യക്തമാക്കേണ്ടതാണ്. അതുപോലെതന്നെ ഇതിന്റെ പരിധിയിൽ നിന്നും സഹകരണ സംഘങ്ങളേയും ഭൂപണയ ബാങ്കുകളേയും ഒഴിച്ചു നിറുത്തിയിരിക്കുകയാണ്. ഇക്കാലത്ത് കൃഷിക്കാർക്ക് കടം ലഭിക്കുന്നത് ബാങ്കിൽനിന്നും സഹകരണസംഘത്തിൽനിന്നും ചിട്ടിഫണ്ടിൽനിന്നും മറ്റും മാത്രമാണ്. അല്ലാതെ സ്വകാര്യ വ്യക്തികളിൽനിന്നോ ഹുണ്ടികക്കാരിൽനിന്നോ കടം കിട്ടുകയില്ല. സഹകരണ സംഘങ്ങളേയും ഭൂപണയ ബാങ്കുകളേയും ചിട്ടി സ്ഥാപനങ്ങളേയും ഒഴിച്ചു നിറുത്തിയാൽ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യം വളരെ ഗണ്യമായി കുറഞ്ഞുപോകും. പലിശയുടെ കാര്യത്തിലെങ്കിലും കുറച്ചു ആശ്വാസം കൊടുത്തുകൂടേ? സഹകരണ സംഘത്തിൽനിന്നും കിട്ടുന്ന കടത്തിന് ഒൻപതു ശതമാനത്തോളം പലിശ ഈടാക്കുന്നുണ്ട്. കാരണം, അവർക്ക് അങ്ങനെ ഈടാക്കേണ്ട സാഹചര്യമാണുള്ളത്. കടം റിസർവ്വു ബാങ്കിൽനിന്നും സ്റ്റേറ്റു ബാങ്കിലേക്ക് കൊടുക്കുകയും, സ്റ്റേറ്റു ബാങ്കിൽനിന്നും ഡിസ്ട്രിക്ട് ബാങ്കിലേക്ക് കൊടുക്കുകയും, ഡിസ്ട്രിക്ട് ബാങ്കിൽനിന്നും അതാതു പ്രദേശങ്ങളിലുള്ള സഹകരണ സംഘങ്ങളിലേക്ക് കൊടുക്കുകയുമാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായി നാലഞ്ചു തലങ്ങളിലായി പലിശ കൊടുക്കേണ്ടിവരുന്നു. ചിട്ടി സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന കടത്തിനും ഭീമമായ പലിശ കൊടുക്കേണ്ടിവരുന്നു. സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ചിട്ടി സ്ഥാപനങ്ങൾക്കും കൊടുക്കേണ്ട പലിശയുടെ തോതെങ്കിലും കുറച്ചുകൊടുക്കേണ്ടതാണ്. അതല്ലെങ്കിൽ

[ശ്രീ. ടി. കെ. കൃഷ്ണൻ]

ഈ നിയമംകൊണ്ട് യഥാർത്ഥത്തിലുള്ള കർഷകർക്ക് വലിയ ഗുണം ലഭിക്കുകയില്ല.

ഈ നിയമത്തിലെ 20-ാം വകുപ്പ് 1958-ലെ നിയമത്തിലെ 22-ാം വകുപ്പിനോട് സാമ്യമുള്ളതാണ്. 1958-ൽ കൊണ്ടുവന്ന നിയമത്തിലെ ആ വകുപ്പ് 1961-ലാണു ഭേദഗതി ചെയ്തത്. അതിന് ഒരു ചരിത്രമുണ്ട്. 1961-ലെ ഭേദഗതിപ്രകാരം പാട്ടബാക്കിക്ക് വിറ്റുപോയിട്ടുള്ള വസ്തുക്കൾ തിരിച്ചെടുക്കാനുള്ള ഒരു വകുപ്പ് ഉൾക്കൊള്ളിച്ചു. പാട്ടബാക്കിക്ക് വിറ്റുപോയ വസ്തുക്കൾ അപ്രകാരം തിരിച്ചുകിട്ടുന്നതിന് ഒരു കൊല്ലത്തിനകം കോടതിയിൽ ഹർജി കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടു. സ്വാഭാവികമായും ഈ ഒരു കൊല്ലമെന്ന കാലാവധി 1961 മുതൽ ഒരു കൊല്ലം എന്നേ സാമാന്യബുദ്ധിക്കു അനുമാനിക്കാനാവൂ. എന്നാൽ അതേ ഭേദഗതി നിയമത്തിൽത്തന്നെ ടി ഭേദഗതി നിയമം 1958-ൽ നടപ്പിൽ വന്നതായി പരിഗണിക്കപ്പെടും എന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു. ഈ പിശകുമൂലം പലർക്കും അതിന്റെ ആനുകൂല്യം ലഭിക്കാൻ ഇടയായില്ല. ഇപ്പോഴും അതുസംബന്ധിച്ച് കേസ്സ് നിലവിലുള്ളതായിട്ടറിയാം. അതിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് പറഞ്ഞിട്ടില്ല. അത് തീരെ വിട്ടുകളഞ്ഞിരിക്കുകയാണ്. 1958-ലെ ആക്റ്റിൽ 1961-ൽ ഭേദഗതി ചെയ്തപ്പോൾ ഉൾക്കൊള്ളിച്ച വകുപ്പ് ഞാൻ വായിക്കാം.

'Provided also that in the case of a sale in execution of a decree for the realisation of arrears of rent or michavaram the application under this sub-section for setting aside the sale may be made at any time within one year from the commencement of this Act.'

എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. 1958-ൽ ഈ വകുപ്പ് പ്രാബല്യത്തിൽ വന്നുവെന്ന് കണക്കാക്കിയാൽ 1961-ൽ ഭേദഗതിചെയ്ത ഈ വകുപ്പു പ്രകാരം ഒരു കൊല്ലത്തിനുള്ളിൽ എങ്ങിനെ ഹർജി സമർപ്പിക്കാം? ഇതുമൂലം വളരെയധികം കുഴപ്പങ്ങളുണ്ടായി. ന്യായാധിപൻമാരുടെ വീക്ഷണത്തിൽ ഇപ്രകാരമുള്ള ഹർജികൾ 1959-ൽ കൊടുക്കണമെന്നാക്കി. അതുകൊണ്ട് 1961-നുശേഷം കൊടുത്ത ഹർജികൾ പലതും തള്ളപ്പെടുകയുണ്ടായി. ഇതിന്റെ ഫലമായി ആർക്കുംതന്നെ ആനുകൂല്യം കിട്ടാതെ പോയി. പലരും ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള കേസ്സുകൾ നിലവിലുണ്ട്. ഈ ആനുകൂല്യം ലഭിക്കാതെപോയ ആളുകൾക്ക് ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി എന്താണ് ഇതിൽ പ്രൊവൈഡ് ചെയ്തിട്ടുള്ളത്? ഒന്നും പ്രൊവൈഡ് ചെയ്തിട്ടില്ലെന്ന് ഖേദപൂർവ്വം അനുസ്മരിപ്പിക്കുകയാണ്. ഈ ബിൽ തീർച്ചയായും ഭേദഗതി ചെയ്തേ മതിയാകൂ. ഈ മാതിരിയുള്ള പല വൈകല്യങ്ങളും ഈ നിയമത്തിൽ വന്നിട്ടുണ്ട്, ഈ ബിൽ ധൃതഗതിയിൽ പാസ്സാക്കിയാൽ നാം ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുകയില്ല. അതുകൊണ്ട് ഇത് ഭേദഗതി ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ : സർ, ഈ ബില്ലിനെക്കുറിച്ച് നാളെ ചർച്ച ചെയ്യാം.

ശ്രീമതി കെ. ആർ. ഗൗരി : ശരി. എന്നാൽ എല്ലാവരുടേയും അഭിപ്രായം അനുസരിച്ച് നാളത്തേക്ക് മാറ്റിവയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. ജെ. എ. ചാക്കോ): സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടു മണിക്ക് കൂടുന്നതുമാണ്.

The Assembly adjourned at 12–25 p.m. to meet again at 8 a.m. on Friday, the 17th October, 1969.

LIBRARY ARCHIVES Kerala Legislative Assembly